ചീഫ്എഞ്ചിനീയറുടെ (പ്രോജക്ട്-II) കീഴിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി തൃശ്ശൂർ ഇറിഗേഷൻ ഡിവിഷനുകീഴിലാണ് പദ്ധതികളുള്ളത്. 39.49 കോടി രൂപയുടെ 41 പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിന്റെ ലിസ്റ്റും (ഇപ്പോഴത്തെ നില സഹിതം) അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.*

(എഫ്) പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. 'മിർപ്'-യിൽ ഉൾപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പിനായി ജനകീയ സമിതികൾ രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആശ്വാസകിരണം പദ്ധതി

23 (*83) ശ്രീ. കെ. രാജു :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'ആശ്വാസ കിരണം' പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതലാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ ;

(സി) ശയ്യാവലംബികളായവരെ പരിചരിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) ആരംഭിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിക്ക് 1-4-2010 മുതൽ പ്രാബല്യം ഉണ്ട്.

(ബി) തീവ്രമായ മാനസിക/ശാരീരിക വെല്ലുവിളികൾമൂലം ശയ്യാവലംബികളായവരെ കൂടാതെ ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസംമൂലം അവശതയുള്ളവർ എന്നിവർക്കുകൂടി ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിക്കൊണ്ട് 28-1-2011-ലെ ജി.ഒ.(എം.എസ്.)9/2011/സാക്ഷേവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ആശ്വാസകിരണം പദ്ധതിപ്രകാരം ശയ്യാവലംബികളായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 300 രൂപ വീതം നൽകുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly